**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5062** **14-03-2023 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥി കേന്ദ്രീകൃത മൂല്യനിർണ്ണയ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസത്തിലൂടെ നേടുന്ന ഗുണപരമായ മികവുകൾ കുട്ടികളേയും സമൂഹത്തേയും ബോധ്യപ്പെടുത്തേണ്ടതിന്റെയും ആയത് വിലയിരുത്തി പഠന പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കേണ്ടതിന്റെയും ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | പൊതുവിദ്യാഭ്യാസത്തിലൂടെ നേടുന്ന ഗുണപരമായ മികവുകൾ കുട്ടികളേയും സമൂഹത്തേയും ബോധ്യപ്പെടുത്തേണ്ടതുണ്ട്. വിദ്യാർത്ഥികളുടെ പഠനമികവുകൾ സമൂഹത്തിന് മുന്നിൽ അവതരിപ്പിക്കാനുതകുന്ന മികവുത്സവം പഠനോത്സവങ്ങൾ, സമൂഹത്തിലേക്കിറങ്ങി ചെന്നുള്ള കോർണർ എന്നിവയും പി.ടി.എകളും അതിന്റെ ഭാഗമായി നിലവിൽ നടന്നുവരുന്നുണ്ട്. |
| (ബി) | വിദ്യാർത്ഥികളുടെ കഴിവുകളും താൽപ്പര്യങ്ങളും മനസ്സിലാക്കി അവരുടെ വളർച്ച അനസ്യൂതം ട്രാക്ക് ചെയ്യാനും അതിനനുസൃതമായി അവരുടെ അഭിരുചി മേഖലകൾ തെരഞ്ഞെടുക്കാനും സഹായകരമാകുന്ന രീതിയിലുള്ള മൂല്യനിർണ്ണയ സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | വിദ്യാർത്ഥികളുടെ കഴിവുകളും താൽപ്പര്യങ്ങളും മനസ്സിലാക്കി അവരുടെ വളർച്ച അനസ്യൂതം ട്രാക്ക് ചെയ്യാനുതകുന്ന തരത്തിലാണ് 'സഹിതം' മെന്ററിംഗ് പോർട്ടൽ രൂപീകരിച്ചിട്ടുള്ളത്. സഹിതം മെന്ററിംഗ് പോർട്ടറിലൂടെ ഓരോ അധ്യാപകനും/ അധ്യാപികയ്ക്കും കുട്ടികളുടെ മെന്ററാകാനും കുട്ടികളുടെ മികവുകളും പോരായ്മകളും തിരിച്ചറിഞ്ഞ് കൃത്യമായ ആസൂത്രണത്തോടെ പഠിതാക്കളെ പിന്തുണയ്ക്കാനും കഴിയും. കുട്ടികളെ നിരന്തരമായ സ്നേഹോഷ്മള ബന്ധത്തോടെ നിരീക്ഷിക്കുക, നിരന്തരമായി മനസ്സിലാക്കുക, കൃത്യമായ ആസൂത്രണത്തോടെ പിന്തുണയ്ക്കുക എന്ന പ്രക്രിയയാണ് മെന്ററിംഗിലൂടെ നടക്കുന്നത്. അടുത്ത അധ്യയന വർഷം മുതൽ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും 'സഹിതം' പോർട്ടലിലൂടെയുള്ള വിലയിരുത്തൽ സംവിധാനം പ്രാബല്യത്തിൽ വരും. |
| (സി) | ഓരോ പഠിതാവിനെയും കൃത്യമായി മനസ്സിലാക്കി അവരുടെ പഠന നിലവാരം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനായി എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പിലാക്കുന്നത്; വിശദമാക്കുമോ; | (സി) | ഓരോ പഠിതാവിനെയും കൃത്യമായി മനസ്സിലാക്കി അവരുടെ പഠനനിലവാരം വർദ്ധിപ്പക്കുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനായുള്ള പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതിയാണ് സഹിതം പോർട്ടൽ. രക്ഷിതാവ് കുട്ടികളെ സ്നേഹിക്കുന്നപോലെ അവരെ സ്നേഹിക്കുകയും നിരീക്ഷണങ്ങളിലൂടെ അവരുടെ |

| | | | |
|---|---|---|---|
| | | | ശക്തി ദൗർബല്യങ്ങൾ കണ്ടെത്തി മനസിലാക്കുകയും സർവ്വോത്മുഖമായ വളർച്ചയ്ക്ക് ആവശ്യമായ കൈത്താങ്ങ് നൽകുകയും ചെയ്യുക എന്നതാണ് മെന്ററിന്റെ കടമ. സഹിതം മെന്ററിംഗ് പോർട്ടലിൽനിന്നും കുട്ടികളുടെ വിവരങ്ങളും വിവിധ മേഖലയിലുള്ള സൂചകങ്ങൾ ഉപയോഗിച്ചുള്ള വിലയിരുത്തലുകളും പ്രൊഫൈലിൽ ചേർത്തതിന് ശേഷം കുട്ടിയുടെ ഡിജിറ്റൽ വ്യക്തിവിവരരേഖ റിപ്പോർട്ട് കാണാനും അത് സേവ് ചെയ്ത് ആവശ്യാനുസരണം പ്രിന്റെടുക്കാനും കഴിയും. ഓരാ പഠിതാവിനെയും മനസ്സിലാക്കി അവരുടെ പഠന നിലവാരം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ചുവടെപറയുന്ന പ്രവർത്തനങ്ങൾ എസ്.എസ്.കെ നടപ്പിലാക്കുന്നു.<br><br>1) എല്ലാ സ്കൂളുകളും സ്കൂൾതല-ക്ലാസ് തല-വ്യക്തിഗത അക്കാദമിക മാസ്റ്റർ പ്ലാനുകൾ അധ്യാപകരുടെയും വിദഗ്ദരുടെയും, പിടിഎ/എസ്.എം.സി. അംഗങ്ങളുടെയും കൂട്ടായ്മയിലൂടെയും, തയ്യാറാക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ മുൻഗണന നിശ്ചയിച്ച് പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുകയും ചെയ്യുന്നു.<br><br>2. പഠന പ്രയാസം നേരിടുന്ന കുട്ടികൾക്ക് അത് പരിഹരിക്കുന്നതിന് ഭാഷയിലും, വിഷയങ്ങളിലും പഠന പോഷണ പരിപാടികൾ നടപ്പിലാക്കിവരുന്നു.<br><br>3) ഭിന്നശേഷി വിഭാഗം കുട്ടികൾക്കായി പ്രത്യേക അക്കാദമിക പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.<br><br>4) പ്രവർത്തനാധിഷ്ഠിത പഠനത്തിന് ഊന്നൽ നൽകുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.<br><br>5)ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുമായുള്ള മെന്ററിംഗ് പ്രവർത്തനങ്ങൾ കുട്ടികൾക്കായി സംഘടിപ്പിക്കുന്നു.<br><br>6) കുട്ടികൾക്കായി നൂതനാശയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.<br><br>7) ശാസ്ത്രം, ഗണിതം, സാമൂഹ്യശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ പ്രത്യേകം പരിപാടികൾ നടപ്പിലാക്കുന്നു. |
| (ഡി) | പൊതുപരീക്ഷയിൽ കുട്ടികൾ നേരിടുന്ന പ്രയാസങ്ങൾ കണ്ടെത്തുന്നതിനും പൊതുപരീക്ഷ ചോദ്യപേപ്പർ മെച്ചപ്പെടുത്തുന്നതിനുമായി കുട്ടികളിൽ നിന്ന് നിർദേശങ്ങൾ ശേഖരിക്കുന്നതിനും ഉദ്ദേശ്യമുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | പൊതുപരീക്ഷയിൽ കുട്ടികൾ നേരിടുന്ന പ്രയാസങ്ങൾ കണ്ടെത്തുന്നതിനും പൊതുപരീക്ഷ ചോദ്യപേപ്പർ മെച്ചപ്പെടുത്തുന്നതിനുമായി കുട്ടികളിൽ നിന്ന് നിർദ്ദേശങ്ങൾ ശേഖരിക്കുന്നതിന് വേണ്ടി എസ്.സി.ഇ.ആർ.ടി യുടെ നേതൃത്വത്തിൽ ഒരു |

| | | | |
|---|---|---|---|
| | | | പ്രതിഫലനാത്മക പഠനം നടത്തിയിട്ടുണ്ട്. പ്രസ്തുത പഠനത്തിലെ കണ്ടെത്തലുകൾ ചോദ്യപേപ്പർ തയ്യാറാക്കുന്ന വേളയിൽ പരിഗണിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ